അന്തിക്കര ഗവൺമെൻറ് ഹൈസ്ക്കൂൾ ഫർണിച്ചർ നന്നാക്കിയതിനു കൊടുക്കാനുള്ള തുക

1424. [2022] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തിക്കര ഗവൺമെൻറ് ഹൈസ്ക്കൂളിൽ 1984-85 വർഷത്തിൽ മേശകളും ബഞ്ചുകളും കസേരകളും കേടുപാടു തീർത്ത വകയിൽ എത്ര സംഖ്യ കൊടുക്കാനുണ്ട് ;

(ബി) ഈ സംഖ്യ അടിയന്തിരമായി കൊടുക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) 4095 രൂപ.

(ബി) വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

താമരശ്ശേരി ഗവൺമെൻറ് ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ്

1425. [2024] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരശ്ശേരി ഗവൺമെൻറ് ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സ് നടത്താൻ ആവശ്യമായ മുഴുവൻ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ സ്ക്കൂളിൽ ആവശ്യമായ സ്ഥല സൗകര്യമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുംകൂടി ആരംഭിച്ചിരിക്കുന്ന മുറയ്ക്ക് കൂടുതൽ കെട്ടിടങ്ങൾ പണിയാനും കോമ്പൗണ്ട് വാൾ പണിയാനും കിണറിന് മോട്ടോർ സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1984-85 മുതൽ ഈ കോഴ്സ് നടത്തി വരുന്നു.

(ബി) ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും പാർട്ടൈം വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly